(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണ് തടസം എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം കർഷകന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന വിളകൾ മാറ്റി കൃഷി ലാഭകരമാക്കുന്നതിനുതകുന്ന വിളകൾ കൃഷി ചെയ്യുന്നതിന് അനുവാദം കിട്ടത്തക്കനിലയിൽ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടിയുണ്ടാകുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലെ ക്ലാസ് 6 അനുസരിച്ച് ഈ ഓർഡർ നിലവിൽ വന്നതിനുമുമ്പോ ശേഷമോ തുടർച്ചയായി മൂന്നുവർഷം കൃഷി ചെയ്തിരുന്ന ഭക്ഷ്യവിളകളായ നെല്ല്, കരിമ്പ്, മരച്ചീനി, ചേന, തേയില, കാപ്പി, ഏലം, കുരുമുളക്, നിലക്കടല, വാഴ തുടങ്ങിയവ മാറ്റി മറ്റു വിളകൾ കൃഷി ചെയ്യുന്നതിനും മറ്റുതരത്തിൽ തരം മാറ്റുന്നതിനും ബന്ധപ്പെട്ട ജില്ലാകളക്ടറുടെ രേഖാമൂലമുള്ള അനുവാദം വാങ്ങേണ്ടതാണ്. അനധികൃത തരം മാറ്റത്തിനെതിരെ കെഎൽയു ഉത്തരവിന്റെ ക്ലാസ് 7 അനുസരിച്ച് നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(സി) നിയമം ഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഓരോ കേസിന്റെയും മെരിറ്റനുസരിച്ച് തീരുമാനമെടുക്കാനുള്ള അധികാരം ബന്ധപ്പെട്ട അധികാരികൾക്ക് കെഎൽയു ഓർഡർ പ്രകാരം ഉണ്ട്.

## ശബരിമല ഉൾപ്പെടെയുള്ള വനമേഖല വന്യജീവി സംരക്ഷണ മേഖലയാക്കാൻ നടപടി

12 (*698) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുൾപ്പെടെയുള്ള വനമേഖല ഏത് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ വരുന്നതാണെന്ന് അറിയിക്കാമോ ;

(ബി) ശബരിമല ഉൾപ്പെടെയുള്ള വനമേഖല വന്യജീവി സംരക്ഷണ മേഖലയാക്കാൻ കേന്ദ്രസർക്കാർ നടപടി എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻപ്രകാരം ഉള്ള വിശദാംശം അറിയിക്കാമോ ;

(സി) ശബരിമലയുടെ പ്രധാന കേന്ദ്രങ്ങളായ പമ്പ, നിലയ്ക്കൽ എന്നീ പ്രദേശങ്ങളുടെ വികസനത്തെ ഇത് പ്രതികൂലമായി ബാധിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) പെരിയാർ ടൈഗർ റിസർവ് (വെസ്റ്റ്) ഡിവിഷന്റെ പരിധിയിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല ഉൾപ്പെടെയുള്ള വനമേഖല 1933 മുതൽ തന്നെ വന്യജീവിസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ച് പരിരക്ഷിച്ചു വരുന്നു. 1978 മുതൽ പ്രസ്തുതകേന്ദ്രം ദേശീയ സംരക്ഷണ പദ്ധതിയായ പ്രോജക്ട് ടൈഗറിൽ ഉൾപ്പെടുത്തി ഒരു കടുവാ സംരക്ഷണകേന്ദ്രമായി പ്രഖ്യാപിച്ച് സംരക്ഷിച്ചു വരുന്നു.

(സി) പമ്പ, നിലയ്ക്കൽ എന്നെ പ്രദേശങ്ങൾ റിസർവ് വനമേഖല ആയതിനാൽ 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ച് വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളാണ് പമ്പ, നിലക്കൽ പ്രദേശത്ത് വേണ്ടതെങ്കിൽ നിശ്ചയമായും കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്.

## വനം, വന്യജീവി സംരക്ഷണം

13 (*699) ശ്രീ. രാജു എബ്രഹാം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യജീവി സംരക്ഷണമേഖലയുടെ വികസനത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് പറയാമോ ;

(സി) വന്യജീവി സംരക്ഷണ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വനം, വന്യജീവി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളിലും ജീവനക്കാരിലും അവബോധം വളർത്താനും ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനും എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) വനം, വന്യജീവി സംരക്ഷണ മേഖലകളുടെ സമഗ്ര വികസനത്തിനായി 50% കേന്ദ്രസഹായത്തോടെയുള്ള പദ്ധതികളും, 100% കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്റ്റ് ടൈഗർ, പ്രോജക്റ്റ് എലിഫന്റ്, ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇവ കൂടാതെ ഗ്ലോബൽ എർവയോൺമെന്റ് ഫെസിലിറ്റി (ജി. ഇ. എഫ്.) മുഖേന ധനസഹായമുള്ള ഇന്ത്യാ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി തേക്കടിയിലും, ഇതര സംരക്ഷിത മേഖലകളിൽ ലോകബാങ്ക് ധനസഹായമുള്ള കേരള ഫോറസ്ട്രി പ്രോജക്റ്റിന്റെ ഘടകമുള്ള പ്രത്യേക പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ജൈവ വൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ള പ്രത്യേക സംസ്ഥാന പദ്ധതികളും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly